**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5095** **20-03-2025 - ൽ മറുപടിയ്ക്ക്**

**പുഴകളിലെ മണ്ണും മണലും മാറ്റുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ കാലങ്ങളിൽനിന്നും വ്യത്യസ്തമായി നദികളിലെ ജലസംഭരണ ശേഷി കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നദികളിലെ ജലസംഭരണ ശേഷി കുറഞ്ഞുവരുന്നതു സംബന്ധിച്ച പഠനങ്ങൾ റവന്യൂ വകുപ്പ് നടത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിനും വെള്ളപ്പൊക്കത്തിനും ശേഷം മണ്ണും മണലും എക്കലും നിറഞ്ഞ് നദികളുടെ ആഴം കുറയുകയും ചെറിയ മഴയത്തുതന്നെ നിറഞ്ഞ് ഒഴുകുകയും പലപ്പോഴും കര കവിഞ്ഞ് ഒഴുകി വലിയ നാശനഷ്ടങ്ങൾ വരുത്തുന്നതും ചെയ്യുന്ന സാഹചര്യത്തിൽ പുഴകളിലെ മണ്ണും മണലും കർശനമായ നിയന്ത്രണങ്ങളോടെ മാറ്റുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 2018, 2019 കാലഘട്ടങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രളയം ബാധിച്ച നദികളിൽ അടിഞ്ഞുകൂടിയ ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്ത് പ്രളയജലം വഹിക്കുന്നതിനുള്ള നദികളുടെ ശേഷി കൂട്ടുന്നതിന് വേണ്ട ഉചിതമായ നടപടികൾ, കർശനമായ നിയന്ത്രണങ്ങളോടെ, 2005-ലെ ദുരന്തനിവാരണ നിയമത്തിലെ വകുപ്പ് 24, 34 പ്രകാരം സ്വീകരിക്കുന്നതിനു ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 24.12.2019 തീയതിയിലെ സ.ഉ (ആർ. ടി) നം. 3880/2019/റവന്യൂ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം നദികളിൽ അടിഞ്ഞു കൂടിയ എക്കൽ, മണ്ണ്, ചെളി എന്നിവ മാറ്റുന്ന പ്രവർത്തികൾ നടത്തിയിട്ടുള്ളതാണ്. സംസ്ഥാനത്തെ ആകെയുള്ള 44 നദികളിൽ, കല്ലായി ഒഴികെയുള്ള നദികളിൽ നിന്നും 98,35,939.41 ക്യൂബിക് മീറ്റർ മണ്ണും ചെളിയും നീക്കം ചെയ്യുകയും ചെയ്തു. 30 നദികളിൽ പ്രവൃത്തി പൂർത്തീകരിക്കുകയുണ്ടായി.<br><br>കൂടാതെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നദികളിൽ നിന്നും ചെളിയും മണ്ണും നീക്കം ചെയ്യുവാനുള്ള അധികാരം അതാത് DDMA ചെയർപേഴ്സണ് നൽകിക്കൊണ്ട് 17/05/2022 -ലെ സ.ഉ (സാധാ) നം. 4 42/2022/ഡിഎംഡി പ്രകാരമുള്ള ഉത്തരവും നിലവിലുള്ളതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം – 1</u>**

പട്ടിക 2 : ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് (DSR) പ്രകാരമുള്ള സാൻഡ് മൈനിംഗ് സൈറ്റുകൾ – ജില്ലാടിസ്ഥാനത്തിൽ

| ക്രമ നമ്പർ | ജില്ല | നദി | 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകൾ | 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകൾ | മൈനബിൾ സാൻഡ് (മെട്രിക് ടണ്ണിൽ) |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | അച്ചൻകോവിൽ | 7 | 0 | 113430 |
| | | പമ്പ | 12 | 1 | |
| 2 | എറണാകുളം | മൂവാറ്റുപുഴ | 2 | 0 | 38250 |
| | | പെരിയാർ | 5 | 0 | |
| 3 | മലപ്പുറം | ഭാരതപ്പുഴ | 3 | 8 | 5753931 |
| | | ചാലിയാർ | 19 | – | |
| | | കടലുണ്ടി | 6 | 0 | |
| 4 | പാലക്കാട് | ഭാരതപ്പുഴ | 29 | 17 | 7058044 |
| 5 | തൃശ്ശൂർ | ഭാരതപ്പുഴ | 16 | 11 | 3178126 |
| 6 | കണ്ണൂർ | വളപട്ടണം | 5 | 1 | 414129 |
| | | ശ്രീകണ്ഠാപുരം | 16 | 0 | |
| | | പെരുമ്പ | 3 | 0 | |
| 7 | കാസർഗോഡ് | ഷിറിയ | 4 | 1 | 469951.48 |
| | | ഉപ്പള | 7 | 1 | |
| | | ചന്ദ്രഗിരി-II | 3 | 0 | |
| | | മൊഗ്രാൽ | 12 | – | |
| **ആകെ** | | | **149** | **40** | **1,70,25,861.48** |

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് -കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, 2001 -നദികളിൽ നിന്നും മണൽ ഖനനം ആരംഭിക്കുന്നതിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു ആവശ്യമായ ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട്(DSR) തയ്യാറാക്കുന്നതിനു CSIR -NIIST സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു .

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.694/2022/RD തീയതി,തിരുവനന്തപുരം, 14-02-2022

1. 27.01.2022 തീയതിയിലെ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതിയുടെ യോഗ നടപടികുറിപ്പ്.
2. 28.01.2022 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ .കെ 1 -24880 / 2018 നമ്പർ കത്ത് .

**ഉത്തരവ്**

നദികളിൽ നിന്നും മണൽ ഖനനം ആരംഭിക്കുന്നതിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു ആവശ്യമായ ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട്(DSR) തയ്യാറാക്കുന്നതിനു CSIR കൗൺസിൽ ഓഫ് സയന്റിഫിക്ക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച്) -NIIST (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി). സമർപ്പിച്ച പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ അവതരിപ്പിക്കുകയും ആയത് സമിതി പരാമർശം (1) പ്രകാരം അംഗീകരിക്കുകയും ചെയ്തു.

ലാൻഡ് റവന്യൂ കമ്മീഷണർ . ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനു CSIR -NIIST സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം 2 പ്രകാരം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് .നദികളിൽ നിന്നും മണൽ ഖനനം ആരംഭിക്കുന്നതിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു ആവശ്യമായ ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനു CSIR -NIIST സമർപ്പിച്ച പ്രൊപ്പോസൽ (2.23 കോടി രൂപ (1 .89 കോടി +18 % GST)) സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ . തിരുവനന്തപുരം
ഡയറക്ടർ . ഐ എൽ ഡി എം . പി ടി പി നഗർ .തിരുവനന്തപുരം
ഡയറക്ടർ . CSIR -NIIST .തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് )കേരള .തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ).കേരള .തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
വെബ് & ന്യൂ മീഡിയ (വിപുലമായ പ്രചാരണത്തിന് )
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Kadeeja A A
Date: 15-02-2022 11:34:44
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എയ്ക്ക്

**GOVERNMENT OF KERALA**

**Abstract**

Revenue Department – Desilting and removal of debris in Flood affected rivers – Sanction Accorded cancelling G.O(Rt)No. 3852/2019/RD dated 21.12.2019 - Orders issued.

**REVENUE (P) DEPARTMENT**

**G.O.(Rt)No.3880/2019/RD** Dated,Thiruvananthapuram, 24/12/2019

Read 1 G.O (Rt) No.2882/2019/RD dated 16.10.2019.

2 Minutes of the Meeting held on 7.11.2019, under the presidentship of Chief Secretary.

3 Letter No. ILDM/492/2017/E1 dated 14.11.19 from the Director, ILDM.

4 GO(Rt)No. 3852/2019/RD dated 21.12.2019.

**ORDER**

As per GO read as 1st Paper above, a Committee has been constituted with Chief Secretary as Chairperson, Additional Chief Secretary (Water Resources), Additional Chief Secretary (Local Self Government Department), Additional Chief Secretary (Forest and Wildlife), Principal Secretary (Revenue), Principal Secretary (Environment) and Director (Mining and Geology) as members in order to look into matters relating to dredging in rivers.

A Meeting of the above Committee was held on 7.11.19 and it was decided to entrust respective District Collectors to conduct desilting and removal of debris in flood affected rivers in the context of the massive floods happened in 2018 and 2019.

As per section 24, 34 of the Disaster Management Act 2005, State Disaster Management Executive Committee, District Disaster Management Authority can take necessary steps to 'remove debris, conduct search and carry out operations'. With regard to the authority of Section 33 of Disaster Management Act, 2005, the Hon'ble High Court of Uttarakhand in WP(C) No.93/2015 has ordered that "if the dredging is undertaken for the purpose of maintaining water bodies no clearance of Ministry of Environment and Forest is required." As per Section 72 of the Disaster Management Act, this Act overrides the other Acts.

Government have examined the matter in detail and are pleased to accord Sanction to all District Collectors for removing silt and debris in flood affected rivers, as an immediate measure to accommodate flood waters and to increase the capacity of river channels.

District Collectors should ensure the stability of river banks and protection of river bed while removing the silt and debris. District Collectors have liberty to dispose off the silt and debris in the appropriate manner. District Collectors can seek necessary help from local technical personnels of Water Resources and Geology Departments, to identify areas for urgent intervention.

As such G.O (Rt) No. 3852/2019/RD dated 21.12.2019 read as 4th Paper above, stands cancelled.

(By order of the Governor)
**BENCY J**
**ADDITIONAL SECRETARY**

The Land Revenue Commissioner, Thiruvananthapuram.

District Collector's-

Malappuram/Kannur/Pathanamthitta/Kasargod/Ernakulam/Idukki.

The Principal Accountant General (Audit), Kerala, Thiruvananthapuram.